നേരിടുന്നതിനുവേണ്ടി 16 വൻകിട ശുദ്ധജല വിതരണ പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. 106 ഗ്രാമീണ സ്കൂളുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ജലദൗർലഭ്യം നേരിടുന്ന സ്ഥലങ്ങളിൽ ഏറ്റവും ഫലപ്രദമായ മാർഗ്ഗം എന്നുള്ള നിലയിൽ അവിടെ 'വർഷ' പദ്ധതി എന്നപേരിൽ 626 പദ്ധതികൾ ഞങ്ങൾ കേരളത്തിലൊട്ടാകെ പൂർത്തീകരിച്ചിട്ടുണ്ട്. വരുന്ന രണ്ട് മാസക്കാലം കൊണ്ടുതന്നെ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്ന വാട്ടർ അതോറിറ്റി ലക്ഷ്യം ഇട്ടിരിക്കുന്ന മുപ്പതോളം പദ്ധതികൾ ഉണ്ട്. അത് പൂർത്തീകരിക്കാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് ഗവൺമെന്റ്. ഇവിടെ സർക്കാരിൽ നിന്ന് വരൾച്ച ദുരിതാശ്വാസ പദ്ധതിയിൽ വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വരൾച്ചയെ നേരിടാനായി ഈ സാമ്പത്തിക വർഷം കേന്ദ്ര സഹായമായി കേരള വാട്ടർ അതോറിറ്റിക്ക് 10.51 കോടി രൂപ ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. രാജു എബ്രഹാം അങ്ങ് പറയുന്നത് ഇനി ചെയ്യേണ്ട കാര്യങ്ങളാണ്. ഞാൻ പറയുന്നത് ചെയ്ത കാര്യങ്ങളാണ്. 37.85 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ഞങ്ങൾക്ക് ലഭിക്കുകയുണ്ടായി. എല്ലാ വിഭാഗത്തിൽപ്പെട്ടവരും ഒരുമിച്ചു ചേർന്നുകൊണ്ട് ഈ വരൾച്ചയെ നേരിടുന്ന കാര്യത്തിൽ മുന്നോട്ടു പോകണം. അതിനു വാട്ടർ അതോറിറ്റിയുടേയും വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിന്റേയും സഹകരണം അഭ്യർത്ഥിക്കുകയാണ്. ഈ രൂക്ഷമായ വരൾച്ച കേരളത്തെ കരിച്ചു കളയാതിരിക്കുവാൻ വേണ്ടിയുള്ള സമീപനം നമുക്കെല്ലാവർക്കും സ്വീകരിക്കാം. അതിനു വേണ്ടിയുള്ള എല്ലാ ശ്രമങ്ങളും വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

11.00 A.M.]

(6) ബി. എസ്. എഫ്. ബേസ് യൂണിറ്റ്

ശ്രീ. കെ. കെ. ഷാജു: സർ, കേരളത്തിൽനിന്ന് ഇപ്പോൾ ബി.എസ്.എഫ്.-ൽ ജോലി ചെയ്യുന്നവരും പിരിഞ്ഞുവന്നിട്ടുള്ളവരുമായ 25,000-ത്തോളം വരുന്ന ബി.എസ്.എഫ്. ഭടന്മാരും രണ്ടര ലക്ഷത്തോളം വരുന്ന അവരുടെ കുടുംബാംഗങ്ങളുമെല്ലാം ബി.എസ്.എഫ്. യൂണിറ്റ് കേരളത്തിൽ ഇല്ലാത്തതുകൊണ്ട് ബാംഗ്ലൂരിലോ, ഹൈദ്രാബാദിലോ പോയിട്ടാണ് അവരുടെ കാര്യങ്ങൾ നിറവേറ്റുന്നത്. കേരളത്തിൽ ബി.എസ്.എഫ്-ന്റെ പുതിയ യൂണിറ്റ് (ബി.എസ്.എഫ്. ബേസ് എന്നാണ് അതിനു പറയുന്നത്) ആരംഭിക്കുവാൻ വേണ്ടിയിട്ടുള്ള നിർദ്ദേശം ബി.എസ്.എഫ്. ഹെഡ് ക്വാർട്ടേഴ്സിൽനിന്നും വന്നിരുന്നു. സംസ്ഥാന മുഖ്യമന്ത്രിക്ക് അതു സംബന്ധിച്ച് ഒന്നിലേറെ ലെറ്ററുകൾ വന്നിട്ടുണ്ട്. നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ 139 ഏക്കർ ഭൂമിയുടെ ഒരു ഭാഗം ബി.എസ്.എഫ്. ബേസിനു വേണ്ടി അവർ ചോദിച്ചു. അവിടെ പണ്ട് ആയിരത്തിയഞ്ഞൂറിനുമേൽ കുഷ്ഠരോഗികൾ ഉണ്ടായിരുന്നു. ലെപ്രസി സാനിറ്റോറിയത്തിന്റെ ഇടിഞ്ഞു പൊളിഞ്ഞ മതിൽ കെട്ടുവാൻവേണ്ടി മാത്രം ഒരു കോടി രൂപ വേണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

74-75 വർഷം മുമ്പ് നിർമ്മിച്ചിട്ടുള്ള മതിലും മറ്റു സൗകര്യങ്ങളുമൊക്കെയാണ് അവിടെയുള്ളത്. ഞാൻ പറഞ്ഞുവരുന്നത്, ബി.എസ്.എഫ്. ബേസിനുവേണ്ടി 139 ഏക്കറിൽ പത്തോ എൺപതോ ഏക്കർ അവർ ചോദിച്ചു. അവർ രണ്ടാമത് പറഞ്ഞത് അമ്പത് ഏക്കറായാലും തരക്കേടില്ല എന്നാണ്. അങ്ങനെ പറഞ്ഞ് മുഖ്യമന്ത്രിക്ക് കത്തെഴുതി. അങ്ങനെയൊരു ബി.എസ്.എഫ്. ബേസ് അവിടെ ആരംഭിച്ചാൽ കേരളത്തിനകത്തു ജോലി ചെയ്യുന്നവരും പിരിഞ്ഞു പോകുന്നവരുമായിട്ടുള്ള ഇരുപത്തിയയ്യായിരത്തോളം വരുന്ന ബി.എസ്.എഫ്. ഭടന്മാർക്ക് കുടുംബമായിട്ട് താമസിക്കാനും മറ്റുമുള്ള സൗകര്യം ഉണ്ടാകുന്നതാണ്. ആലപ്പുഴ കളക്ടർക്ക് നിർദ്ദേശം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ തഹസീൽദാർ വന്ന് സ്ഥലമെല്ലാം അളന്ന് തിട്ടപ്പെടുത്തിയിരിക്കുകയാണ്. അളന്ന് തിട്ടപ്പെടുത്തിയിരിക്കുന്ന സ്ഥലത്തിനു വില നല്കാൻ ബി.എസ്.എഫ്. തയ്യാറാണ്. ആ വിലവാങ്ങി നമ്മൾ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്താൽ ഈ ലെപ്രസി സാനിറ്റോറിയത്തിലെ അന്തേവാസികളുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയും. ഗവൺമെന്റ് പുതുതായി ഒരു പണവും കൊടുക്കേണ്ടിവരുകയില്ല. പത്ത്-മുപ്പത് വർഷത്തേക്ക് മാത്രമേ സാനിറ്റോറിയത്തിന്റെ ആവശ്യം വരൂ. ഇപ്പോൾ പുതിയതായി ലെപ്രസി കണ്ടുവരുന്ന മേഖലയിലൊക്കെ PH സെന്ററിനെ ചുമതലപ്പെടുത്തിയിട്ട് അവിടെയാണ് ചികിത്സ നടത്തുന്നത്. സാനിറ്റോറിയത്തിലേക്ക് പുതിയ ആളുകൾ ഇപ്പോൾ വരുന്നില്ല. നിലവിലുള്ള ആളുകൾക്ക് പോകാൻ മറ്റു മാർഗ്ഗമില്ലാത്തതുകൊണ്ടാണ് അവർ അവിടെത്തന്നെ കഴിയുന്നത്. ദീർഘകാലമായ ഒരു നിലനില്പിന്റെ ആവശ്യം അവിടെയില്ല. മാത്രമല്ല ഈ 139 ഏക്കർ വിസ്തൃതിയിൽ കിടക്കുന്ന പ്രദേശത്ത് രാത്രികാലങ്ങളിൽ അനാശാസ്യ പ്രവർത്തനങ്ങളും ഭൂമി കയ്യേറ്റം അടക്കമുള്ള കാര്യങ്ങളും നടക്കുകയാണ്. ഗവൺമെന്റിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് മതിലുപോലും കെട്ടിത്തീർക്കുവാൻ വയ്യാത്ത ഈ അവസ്ഥയിൽ ബി.എസ്.എഫ്. ആവശ്യപ്പെട്ടിട്ടുള്ള ബേസ് കേരളത്തിൽ സ്ഥാപിക്കുന്നതിന് നമ്മൾ പ്രത്യേകം അളന്നു തിട്ടപ്പെടുത്തിയിരിക്കുന്ന സ്ഥലം വിട്ടുകൊടുക്കുന്നതിനാവശ്യമായ തീരുമാനമെടുക്കണം. ഇപ്പോൾ ഒറീസ്സയും ആന്ധ്രപ്രദേശും അതിന് അനുകൂലമായ തീരുമാനം എടുത്തതായിട്ടാണ് അറിയുന്നത്. പക്ഷേ കേരളം മാത്രമാണ് ബി.എസ്.എഫ്. ബേസ് ആരംഭിക്കുന്നതിന് ആവശ്യമായിട്ടുള്ള തീരുമാനമെടുത്ത് ഹെഡ് ക്വാർട്ടേഴ്സിനെ അറിയിക്കാത്തത്. അതുകൊണ്ട് ഈ സ്ഥലം ഏറ്റെടുത്ത് ബി.എസ്.എഫ്.-ന് നൽകിയാൽ, ഏതാണ്ട് 250 കോടി രൂപയുടെ ഡെവലപ്മെന്റ് സാണ് അവിടെ ഉണ്ടാകാൻ പോകുന്നത്. ഇപ്പോൾ ജോലി ചെയ്യുന്നവരും പിരിഞ്ഞുവന്നിട്ടുള്ളവരുമായ ബി.എസ്.എഫ്.-കാർക്ക് മാത്രമല്ല; കേരളത്തിന് തന്നെ ഒരു മുതൽക്കൂട്ടായി മാറുവാൻ സാദ്ധ്യതയുള്ള ബി.എസ്.എഫ്. ബേസിന് നൂറനാട് ലെപ്രസി സാനിറ്റോറിയത്തിന്റെ ഉപയോഗിക്കാത്ത സ്ഥലം വിട്ടുകൊടുക്കുകയും അവിടെ ബി.എസ്.എഫ്. ബേസ് ആരംഭിക്കുവാനുള്ള തുടർനടപടി സ്വീകരിക്കുവാൻ മുഖ്യമന്ത്രി മുൻകൈ എടുക്കുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, കേരളത്തിൽ ബി.എസ്.എഫ്-ന്റെ ബേസ് ക്യാമ്പ് എന്നുള്ളത് സംസ്ഥാന ഗവൺമെന്റ് സ്വാഗതം ചെയ്യുന്ന ഒരു നിർദ്ദേശമാണ്. ഞാൻ കഴിഞ്ഞ പ്രാവശ്യം ഡൽഹിയിൽ പോയപ്പോൾ ബി.എസ്.എഫ്-ന്റെ ഡയറക്ടർ ജനറലുമായി ഈ കാര്യം സംസാരിച്ചു. ഈ സ്ഥലം കിട്ടിയാൽ അവർ തീരുമാനം പ്രായോഗികതലത്തിൽ കൊണ്ടുവരാമെന്നാണ് തന്നിരിക്കുന്ന ഉറപ്പ്. നൂറനാട് സാനിറ്റോറിയത്തിന് സ്ഥലം കൊടുക്കുന്നതിന് ബുദ്ധിമുട്ടില്ല എങ്കിൽ അത് ഏറ്റവും നല്ല നിർദ്ദേശമായിരിക്കും. ഇതിനോടകംതന്നെ ജില്ലാകളക്ടറോട് ഇതിന്റെ വിശദാംശമൊക്കെ ചോദിച്ചുകൊണ്ട് ഗവൺമെന്റ് കത്തെഴുതി. എത്രയും വേഗം അതിന്റെ റിപ്പോർട്ട് വരുത്തി അതിന്മേലുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും.

(7) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടേയും പ്രവർത്തനം

ശ്രീ. കെ. മോഹൻകുമാർ: സർ, കേരളത്തിലെ ആരോഗ്യ ചികിത്സാവിദ്യാഭ്യാസ മേഖലയിലെ മാതൃസ്ഥാപനമാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ്. മെഡിക്കൽ കോളേജിന്റെ അപര്യാപ്തതകളും അവശതകളും അനാരോഗ്യവും പരിഹരിക്കുന്നതിന് ഊർജ്ജിതമായ നടപടി ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വാഹന അപകടങ്ങൾ വളരെയധികം വർദ്ധിച്ചുവരുന്ന ഒരു സാഹചര്യത്തിൽ വളരെക്കാലമായി പണി പൂർത്തിയാക്കിയിട്ടിരിക്കുന്ന ട്രോമാ കെയർ യൂണിറ്റ് ഉപകരണസജ്ജമാക്കി പ്രവർത്തിപ്പിക്കുന്നതിനുള്ള നീക്കം ഉണ്ടാകണം. അതുപോലെ വിദഗ്ദ്ധ ഡോക്ടർമാർ ആവശ്യത്തിനുണ്ടെങ്കിലും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വളരെക്കാലമായി നടക്കുന്നില്ല. ആ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി താല്പര്യമെടുക്കണം. ആശുപത്രി അഡ്മിനിസ്ട്രേഷൻ വളരെയധികം പരാജയപ്പെട്ടുകഴിഞ്ഞു. അത് ആധുനികമാക്കാനുള്ള ശ്രമം ഉണ്ടാകണം. എച്ച്.ഡി.എസ്സും പേയിംഗ് കൗണ്ടറും കാര്യക്ഷമവും അഴിമതിമുക്തവും ആക്കണം. സൗജന്യ മരുന്ന് വിതരണത്തിന്റെ പരിധി പ്രതിമാസം ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുവാനുള്ള നീക്കമുണ്ടാകണം. എക്സ്റേയുടേയും ക്ലിനിക്കൽ ടെസ്റ്റിന്റെയും സൗകര്യം ഇപ്പോൾ നിർദ്ധന രോഗികൾക്ക് നിഷേധിച്ചിരിക്കുകയാണ്. അവ ഉറപ്പാക്കണം. ഇനി പരാമർശിക്കപ്പെടേണ്ടതായ നിരവധി വിഷയങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ഉന്നതതല സമ്മേളനം വിളിച്ചു ചേർക്കുവാനുള്ള നടപടി ഉണ്ടാകണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥാപനം ഒരു സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. നിലവിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly